# അക്കാദമിക
# മാസ്റ്റർപ്ലാൻ

## വിഷൻ
## 2025-2026.

ജി LPS
Muttakkavu.

# ആമുഖം

പൊതുവിദ്യാലയങ്ങൾ വികസനത്തിന്റെ കേന്ദ്രങ്ങളായി മാറുന്നു.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയവും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും വിശ്വാസത്തോടെയും സമർപ്പിക്കുന്നു.

P. T. A പ്രസിഡന്റ്.

H. M.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : GLPS മുട്ടയ്ക്കാവ്.

മേൽ വിലാസം : മുട്ടയ്ക്കാവ്
നെടുമ്പന
കൊല്ലം.

സ്കൂൾ കോഡ് : 41609.

ഫോൺ : 0474 2566605

ഉപജില്ല : കുണ്ടറ

വിദ്യാഭ്യാസ ജില്ല : കൊല്ലം

റവന്യൂ ജില്ല : കൊല്ലം

ബി. ആർ. സി : കുണ്ടറ.

സി. ആർ. സി : നെടുമ്പന

ഗ്രാമ പഞ്ചായത്ത് : നെടുമ്പന.

ബ്ലോക്ക് പഞ്ചായത്ത് : മുഖത്തല.

ജില്ലാ പഞ്ചായത്ത് : കൊല്ലം.

നിയമസഭാ മണ്ഡലം : കുണ്ടറ.

ലോക്സഭാ മണ്ഡലം : കൊല്ലം.

വില്ലേജ് : നെടുമ്പന.

# G.L.P.S മുട്ടയ്ക്കാവ്

കൊല്ലം ജില്ലയിൽ കുണ്ടറ ഉപ ജില്ലയിലെ നെടുമ്പന പഞ്ചായത്തിലെ മുട്ടയ്ക്കാവ് എന്ന സ്ഥലത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1918 ന് മുമ്പ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനമായി ആരംഭിക്കുകയും കാലാന്തരത്തിൽ ഗവൺമെന്റിലേക്ക് കൈമാറുകയും ചെയ്തു. മുട്ടക്കാവ് വംശത്ത് കുടുംബക്കാരാണ് ഈ സൽകർമ്മം ചെയ്തത്. സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്തുള്ള കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി സ്ഥാപിച്ചതാണ്. ഈ വിദ്യാലയം സമൂഹത്തിൽ പുരോഗതി ഉണ്ടാക്കുന്നതിനും. അനേകം വ്യക്തികളെ ഉന്നത സ്ഥാനങ്ങളിലും എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ആധുനിക രീതിയിൽ പുനരു
ദ്ധാരണം നടത്തിയ സ്കൂൾ മെച്ചപ്പെട്ട
ഭൗതിക സൗകര്യങ്ങൾ ഹൈടെക് ക്ലാസ്റൂമു
കൾ ശിശു സൗഹൃദ പഠന മുറികൾ
വിശാലമായ കളിസ്ഥലം pre primary കുട്ടി
കൾക്കുള്ള വർണ്ണ കൂടാരവും ഒരുക്കിയിട്ടു
ണ്ട്. മുൻ വർഷത്തെ അപേക്ഷിച്ച്
കുട്ടികളുടെ എണ്ണത്തിൽ വർദ്ധന
വുണ്ട്. ഒന്നു മുതൽ നാലു വരെ
ക്ലാസുകളിലായി 6 അധ്യാപകർ
ഇവിടെ ജോലി ചെയ്യുന്നു. പഠനനില
വാരത്തിലും പാഠ്യേതര നിലവാരത്തിലും
പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
പഞ്ചായത്തിലെ. സി. ആർ. സി.
കൂടിയാണിത്.

# അക്കാദമിക - ഭൗതിക നേട്ടങ്ങൾ.

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്നു.
  അധ്യാപക സമൂഹം.

- ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം

- മികച്ച ലൈബ്രറി ലാബ് കമ്പ്യൂട്ടർ പഠന സൗകര്യം.

കലാ കായിക പ്രവൃത്തി പരിചയ പഠനം കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വ്യക്തിഗത പരിഗണന.

പാഠ്യേതര പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ തുടങ്ങിയവ മികച്ച രീതിയിൽ നടപ്പിലാക്കുന്നു.

ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി ചർച്ച ചെയ്ത് തിരുമാനിക്കുന്നു.

ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുന്നു.

കൃഷി ഔഷധത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നു.

രാസ ലഹരി, മൊബൈൽ അഡിക്ഷൻ എന്നിവയ്ക്കെതിരെ മുൻകരുതലുകൾ.

## ഭാഷാവികസനം

- എല്ലാ കുട്ടികളെയും അക്ഷരപൂർണരായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

# ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി. രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

ഗണിത ചിന്ത യുക്തിചിന്ത വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി സാധ്യത

വിവര സാങ്കേതിക വിദ്യയെ പരമാവധി പ്രയോജനപ്പെടുത്തുക.

അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.

കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾക്ക് ഉപയോഗിക്കാനുള്ള സാഹചര്യം വളർത്തുക.

## പ്രവൃത്തി പരിചയം

നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

തൊഴിൽ ചെയ്ത് ജീവിക്കുന്നതിന്റെ മഹാത്മ്യം വളർത്തുക.

ഉപ

പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

പ്രവൃത്തി പരിചയം ഇതര വിഷയങ്ങളുമായി ബന്ധിപ്പിക്കുക.

## കലാ പരിശീലനം

കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.

കലാഭിരുചി വളർത്തുക.

ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.

ആധുനിക സാങ്കേതിക വിദ്യ പരമാവധി കലാപഠനത്തിന് ഉപയോഗിക്കുക.

# ആരോഗ്യ കായിക വിദ്യാഭ്യാസം

എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

ആരോഗ്യ ശീലങ്ങൾ വളർത്തുക.

ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭമാക്കുക.

## അറബിക്

എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.

കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യ മനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.

ഭാഷാ പഠനത്തിൽ I.T യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും. വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## അറബിക്

2025 - 2026

ഗവൺമെന്റ് എൽ.പി. സ്കൂൾ കുടശ്ശനാട്

ലക്ഷ്യങ്ങൾ : 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ ആശയവിനിമയ ശേഷി നേടുന്നതിന്.

3. ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു

4. ഭാഷാശേഷി വികസനത്തിനായി ആധുനികസാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുന്നു

5. മികച്ച വായനാശീലം വളർത്തുക.

6. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

7. സർഗാത്മക രചനകളുടെ അവസരം സൃഷ്ടിക്കുന്നതിന് -{മാഗസിൻ നിർമ്മാണം}

8. ദിനാചരണങ്ങൾ പരിചയപ്പെടുത്തുന്നു.

9. പത്രവായന, വാർത്താമാല, അസംബ്ലി, സർഗ്ഗവേള തുടങ്ങി ആശയവിനിമയ സാധ്യതകൾ നൽകുക.

10. അറബിക്ലബ്ബ് വഴി ക്വിസ്, അസംബ്ലി, രചന, ആശയവിനിമയം, എന്നീ പ്രവർത്തനങ്ങളുടെ ക്രോഡീകരണം.

ചുമതല : [illegible] ടീച്ചർ

| ഉപകരണങ്ങൾ | പ്രവർത്തനങ്ങൾ | സൂക്ഷ്മനിരീക്ഷണം | കാലയളവ് |
|---|---|---|---|
| 1. അക്ഷരമാല | • അക്ഷരകാർഡുകൾ നൽകുന്നു. | ശരിയായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു | ജൂൺ, ജൂലൈ, ആഗസ്റ്റ് |
| 2 എഴുതുന്ന രീതി ചിത്രങ്ങൾ. | അക്ഷരങ്ങൾക്ക് നിറം നൽകൽ. | അക്ഷരപഠന സഹായി ഉപയോഗിക്കുന്നു. | |
| 3. ചേർത്തു വായന | ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിക്കുന്നു | രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു. | |
| 4. | ക്ലാസ്സ് ലൈബ്രറി<br><br>ഭാഷാകളികൾ. | | |

ചുമതല- ശാന്തി ടീച്ചർ

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സൂക്ഷ്മവിന്യാസം | കാലയളവ് |
|---|---|---|---|
| പദനിർമ്മാണം<br>പദശേഖരണം | 1. അക്ഷരക്കാർഡുകൾ നൽകി പദ- ങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു. | ഒഴിവുവേളകളിൽ അധിക പ്രവർത്തനങ്ങൾ | ഓഗസ്റ്റ് |
| | | | സെപ്തംബർ |
| | 2. പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു. | | |
| | | | ഒക്ടോബർ |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് | പതിപ്പുനിർമ്മാണം.<br>ചുമർപത്രങ്ങൾ/ പോസ്റ്ററുകൾ. | | |

ചുമതല: അറബി ടീച്ചർ

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സൂക്ഷ്മാസൂത്രണം | കാലയളവ് |
|---|---|---|---|
| കവിതകേട്ട് ആസ്വദിക്കുന്നു | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക. | പാഠപുസ്തകത്തിലുള്ള കവിതകളുടെയും, ചെറു കവിതകളുടെയും Audio · video കൾ class Group ൽ share ചെയ്ത് രക്ഷിതാക്കളുടെ സഹായത്തോടെ പരിശീലിപ്പിക്കുന്നു. | ഡിസംബർ<br>മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ, പ്ലക്കാർഡുകൾ നിർമ്മാണം. | രക്ഷിതാവിന്റെ സഹായത്തോടെ ചെയ്യുന്നു | |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ

## 2025 - 2026

## ഇംഗ്ലീഷ്

# ലക്ഷ്യങ്ങൾ

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

6. ക്ലാസ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

7. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

പ്രവർത്തനം : 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് |

പ്രവർത്തനം : 2

പേര് : ഇംഗ്ലീഷ് ഡയറി (3,4 ക്ലാസുകളിൽ)

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 3

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു. ജൂൺ - പരിസ്ഥിതി, ജൂലൈ - ചന്ദ്രൻ, ആഗസ്റ്റ് - സ്വാതന്ത്ര്യദിനം, സെപ്തംബർ - ഓണം, ഒക്ടോബർ - ഗാന്ധി, നവംബർ - കേരളം, ഡിസംബർ - ക്രിസ്മസ് | ഓരോ മാസവും | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 4

പേര് : Reading Card Work Shop

ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ചിത്രങ്ങളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ് നിർമ്മിക്കൽ. | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് |

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം

## 2025-2026

## ഗവൺമെന്റ് എൽ.പി സ്കൂൾ മുട്ടയ്ക്കാവ്

## ഗണിതം

1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പാക്കുക.
4. ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

പ്രവർത്തനം :- 1

പേര് : ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉദ്ദേശ്യം: വർക്ക്ഷീറ്റ് തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റുകളിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും ആരംഭത്തിൽ. | SSG | 4000 |

പ്രവർത്തനം: 2.

പേര് : ഗണിതലാബ് (ഗണിതമധുരം).

ഉപമേഖല: ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതശേഷികൾ മുഴുവൻ കുട്ടികൾക്കും ആർജിക്കുക. | കുട്ടികൾക്ക് സ്വന്തമായി ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ഗണിത ലാബ് ഒരുക്കുന്നതിൽ | 2023-24 | സ്കൂൾ മാനേജ്മെന്റ് | 15000 |

പ്രവർത്തനം : 3

പേര് : ഗണിതമൂല

ഉപമേഖല: ഗണിതകേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന്. | മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ഒരുക്കിക്കൊണ്ട് (ജ്യാമിതി, ക്ലോക്ക്, കാർഡുകൾ തുടങ്ങിയവ). | ജൂൺ. | ക്ലാസ് ടീച്ചർ. | 2000. |

പ്രവർത്തനം :- 4

പേര് : യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചെലവ് |
|---|---|---|---|---|
| ഓരോ ക്ലാസിലും കുട്ടികൾക്കുണ്ടാകേണ്ടതായ ധാരണകൾ നേടിയിരിക്കുന്നുവോ എന്ന് ഉറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 5.

പേര് : ഗണിതക്ലാസ് പി.ടി.എ.

ഉപമേഖല : സി.പി.ടി.എ ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചുമതല. |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ H.W പ്രവർത്തനങ്ങൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ. | |

# പരിസര പഠനം.

പ്രവർത്തനം 1.

മേഖല: ശാസ്ത്ര പഠനോപകരണ നിർമ്മാണം.

ഉപമേഖല: ലാബ് ശക്തിപ്പെടുത്തൽ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ക്വിസ്സുകളും വിശദ ശില്പശാലകൾ, ക്യാമ്പുകൾ സംഘടിപ്പിക്കൽ. | ഓരോ ടേമിലും. | ക്ലാസ് ടീച്ചർ |

പ്രവർത്തനം 2.

മേഖ്: പഠന പരീക്ഷണം.

ഉപമേഖല: ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പഠന താല്പര്യം വളർത്തുക ശാസ്ത്രീയ മനോഭാവം വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ. | എല്ലാ മാസത്തിൽ | ക്ലാസ് ടീച്ചർ. |

പ്രവർത്തനം : 3.
പേര് : പരീക്ഷണ കിറ്റ്.
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചക്കുതകുന്ന വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾക്കും. [3, 4, ക്ലാസ്സ്] ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ. | [illegible] to. ജൂൺ. to മാർച്ച് | ക്ലാസ്ടീച്ചർ. |

പ്രവർത്തനം: 4.
പേര്: പരീക്ഷണോത്സവം.
ഉപമേഖല. ശാസ്ത്രാന്വേഷണം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം. | ചുമതല |
|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലുള്ള താല്പര്യം വളർത്തുക | ക്ലാസ്സ് മുറികളിൽ ശാസ്ത്ര പ്രയോഗങ്ങൾ കാണിച്ച് അത്ഭുതമാകുന്നതും കുട്ടികൾ അതിൽ ഉൾക്കൊള്ളിക്കുന്നതു മാണ് പരീക്ഷണോത്സവ ത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ് ടീച്ചർ. |

പ്രവർത്തനം: 3.

പേര്: ഫീൽഡ് ട്രിപ്പ്

ഉപമേഖല: പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമായ പൊതു സ്ഥാപനങ്ങൾ തിരിച്ചറിയാൻ. | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി, കൃഷിഭവനിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ. | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ |

പ്രവർത്തനം: 2.

പേര്: പ്രാദേശിക അറിവ്

ഉപമേഖല: നാട്ടറിവ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | ചുമതല |
|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സംസ്കാരികമായ. അതിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന്. | നാടിന്റെ ചരിത്രം, തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തി കളും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG |

സാമൂഹികശാസ്ത്രം.
പ്രവർത്തനം: ആദിവാസികൾ തിരിച്ചറിയൽ.
ഉപമേഖല: സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹിക മൂല്യ അറിവ് നേടുക. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖം. ചർച്ചകൾ, സംവാദങ്ങൾ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ — |

## വിവര സാങ്കേതിക വിദ്യ.

പേര്: IT ലാബ്
ഉപമേഖല: കമ്പ്യൂട്ടർ വിജ്ഞാനം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | IT, ICT, പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ | SITC. |

പേര്: IT.
ഉപമേഖല: അധ്യാപക ശാക്തീകരണം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ കണ്ടെത്തൽ.. | ഓരോ മാസവും | SITC. |

രാസലഹരി:

മൊബൈൽ അഡിക്ഷൻ.

പ്രവർത്തനം 1.

പേര്: ലഹരി: രാസലഹരി
മൊബൈൽ അഡിക്ഷൻ.

ഉദ്ദേശ്യം: ശാരീരിക മാനസിക ആരോഗ്യ ബോധവൽക്കരണം

| ലക്ഷ്യം: | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ രോഗം ആസക്തികളെ കുറിച്ചുള്ള ബോധവും പ്രതിരോധ ശേഷിയും വളർത്തുക. | ബോധവൽക്കരണ ക്ലാസുകൾ. പ്രവീഡിയോകളിലൂടെ പ്രദർശനം. ഉദ്ബോധക സംവാദങ്ങൾ പോസ്റ്റർ നിർമ്മാണം. എന്നിവയിലൂടെ - കുട്ടികളിൽ ബോധം വളർത്തൽ. | ജൂൺ | പ്രധാനാധ്യാപിക - ആരോഗ്യ വകുപ്പ്, SITC. |

പ്രവർത്തനം: 1.

പേര്: പ്രവൃത്തി പരിചയ ശിൽപശാല

ഉദ്ദേശ്യം: നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ ഉള്ള കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം ചന്ദനത്തിരി, പേന, ചോക്ക്, etc... | ജൂൺ to മാർച്ച് | ക്ലാസ് ടീച്ചർ. |

പേര്: പേപ്പർ ബാഗ് നിർമാണം.

ഉദ്ദേശ്യം: പ്ലാസ്റ്റിക് രഹിത ക്യാമ്പസ്.

| ലക്ഷ്യം | | | |
|---|---|---|---|
| നിർമ്മാണ ശേഷി കഴിവുകൾ ഉള്ള കുട്ടികളിലും വികസിപ്പിക്കുക. | പേപ്പർ ബാഗ്. നിർമ്മാണ പരിശീലനം. | ജൂൺ to മാർച്ച് | SSG. |

പേര്: ഒറിഗാമി.

ഉദ്ദേശ്യം: കരകൗശല പരിശീലനം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം. | ചുമതല. |
|---|---|---|---|
| ജ്ഞാന വിഷയ പുരോഗതി. പ്രവർത്തിപരിചയ ഭാഗത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ. പാഠഭാഗത്തെ. നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമായ പരിശീലനം. | ജൂൺ to മാർച്ച്. | R.P |

സർഗവേദി. പ്രകടനവേദികൾ

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | പൂർത്ത |
|---|---|---|---|
| കലാഭിരുചി വളർത്തുക. | മാസത്തിൽ ഒരു ദിവസം എല്ലാ ഡിവിഷൻ ക്ലാസ്സിലും സർഗവേദി നടത്തൽ നേതൃത്വം : വിദ്യാർത്ഥികൾ. | ജൂൺ to മാർച്ച് | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

പേര്: കായികാരോഗ്യം.
ഉപമേഖല: എയ്റോബിക്സ് എക്സർസൈസ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. | കാലം | പൂർത്ത |
|---|---|---|---|
| കായിക വിദ്യാഭ്യാസത്തോടുള്ള താല്പര്യം വളർത്തുക. | ലഘു വ്യായാമങ്ങൾ സുംബ ഡാൻസ്. പരിശീലനം. | ജൂൺ to മാർച്ച് | |

ഹെൽത്ത് ചെക്ക് അപ്പ്.

| ലക്ഷ്യം. | | | |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കൽ | ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കാൻ ഹെൽത്ത് ചെക്ക് അപ്പ്. | ജൂൺ to സെപ്റ്റംബർ | |

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025 - 2026
# മലയാളം

## ലക്ഷ്യങ്ങൾ

ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
3. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
4. മികച്ച വായനാശീലം വളർത്തുക.
5. എല്ലാ കുട്ടികൾക്കും അവരവരുടെ കഴിവുകൾക്ക് അനുയോജ്യമാകുന്ന തരത്തിൽ ഉള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പുവരുത്തുക.
6. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
7. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

# പ്രവർത്തന പദ്ധതികൾ

പ്രവർത്തനം-1
പേര്: പുസ്തകം എന്റെ ചങ്ങാതി.
ഉപമേഖല: വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു ലഘുവിവരണം കാണിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം 2 പുസ്തകം | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം-2
പേര്: എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല: വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം - 3
പേര്: അക്ഷരക്കൂട്ടം (വായനാ കോർണർ)
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | ഒഴിവു സമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്മുറികളിലും പ്രത്യേകം വായനാ കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി | 2000 |
| റീഡേഴ്സ് തിയേറ്റർ | ക്ലാസ്റൂം പ്രക്രിയകളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 4
പേര്: സ്കൂൾ ലൈബ്രറി
ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക | സ്കൂൾ ലൈബ്രറി സജ്ജമാക്കൽ<br>സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | P.T.A | 2000 |

പ്രവർത്തനം: 5
പേര്: ക്ലാസ് തല പതിപ്പുകൾ
ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്ലാസ് തല പതിപ്പുകൾ നിർമ്മിക്കുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം: 6
പേര്: വായനാ കുറിപ്പുകൾ
ഉപമേഖല: ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും കഴിവുള്ളവരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനക്കാർഡ്) വായനാ കുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം: 7
പേര്: കയ്യെഴുത്തുമാസികകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | മാഗസിൻ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ മൂന്ന് | വിദ്യാരംഗം ക്ലബ്ബ് | 2000 |

പ്രവർത്തനം - 8

പേര്: റിവേഴ്സ് തിയേറ്റർ

ഉപമേഖല: വായനാ വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാ താൽപര്യവും അഭിനയം വഴി വ്യക്തിത്വ വികസനവുമാണ് ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം വായനയുടെ അവതരണം നടത്തുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 1000 |

# നിർവഹണ ചുമതല

ഹസീനാ ബീഗം : HM

ബിൻസി ജുലാൽ

ഷാനില റാണി :

ആശാമോൾ

സാലിഹ

ഫാത്തിമ

രോഹിണി

GLPS

Muttakkavu

Nedumpana

Kundara Sub district

Kollam

Kerala.